# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2023/56

തിരുവനന്തപുരം
25.09.2023

സ്വീകർത്താവ്

ബഹു. ചീഫ് എഞ്ചിനീയർ (HRM)
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) സംസ്ഥാന ട്രഷറർക്ക് വൈദ്യുതി ഭവന് അടുത്തുള്ള ഓഫീസുകളിലേക്ക് ട്രാൻസ്ഫർ ലഭിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. EB2/SE (Ele)/GT 2023/23.6.2023
2. EB2/SE (Ele)/GT Anomaly/2023/19.9.2023

ശ്രീ.നസീർ.എം, കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) യുടെ സംസ്ഥാന ട്രഷറർ കുളത്തുപ്പുഴ സെക്ഷനിൽ സബ് എഞ്ചിനീയറായി ജോലി ചെയ്തു വരവേ അദ്ദേഹത്തിന് 2023 ജനറൽ ട്രാൻസ്ഫറിൽ റിട്ടയർമെന്റ് ആനുകൂല്യ പ്രകാരം (2 വർഷത്തിനകം റിട്ടയർമെന്റ്) വാമനപുരം സെക്ഷനിലേക്ക് സൂചന ഉത്തരവ് 1 പ്രകാരം Item No. 442 ട്രാൻസ്ഫർ ലഭിച്ചിരിക്കുകയാണ്. എന്നാൽ സംഘടന ആവശ്യപ്പെട്ടത് ഇദ്ദേഹത്തിന് തിരുവനന്തപുരം GIS പവർഹൗസ്/വൈദ്യുതി ഭവനിലേക്കാണ്. തന്റെ 29 വർഷത്തെ സർവ്വീസ് കാലയളവിൽ ഒരിക്കൽപ്പോലും ട്രാൻസ്മിഷനിൽ ജോലി ചെയ്യുവാൻ അവസരം ലഭിച്ചിട്ടില്ല. നിലവിലുള്ള ധാരണകൾ പ്രകാരം ട്രാൻസ്മിഷനിൽ വർക്ക് ചെയ്തിട്ടില്ലാത്തവർക്ക് റിട്ടയർമെന്റിന് മുമ്പ് അവസരം നൽകേണ്ടതാണ്. എല്ലാത്തിനുമപ്പുറം ശ്രീ.നസീർ.എം INTUC അഫിലിയേറ്റഡ് സംഘടനയായ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) യുടെ സംസ്ഥാന ട്രഷററാണ്. ബോർഡുതല ചർച്ചയിൽ ഉൾപ്പടെയുള്ള കാര്യങ്ങളിൽ സംഘടനയ്ക്കുവേണ്ടി പ്രതിനിധീകരിക്കുന്ന ഭാരവാഹിയാണ് ശ്രീ.നസീർ.എം. ശ്രീ.നസീർ.എം വൈദ്യുതിഭവന് അടുത്ത് സിറ്റിയിൽ ജോലി ചെയ്യേണ്ടുന്നത് സംഘടനാപരമായിട്ടുള്ള അവകാശമാണ്. അദ്ദേഹത്തിന്റെ സേവനം വൈദ്യുതിഭവന് അടുത്ത് ആവശ്യമാണ്. ഈ സ്ഥാപനത്തിലെ പ്രധാനപ്പെട്ട പ്രതിപക്ഷ സംഘടനയെന്ന നിലയ്ക്ക് ഞങ്ങൾക്ക് അതിന്റെ അവകാശമുള്ളതാണ്. അംഗീകാരമില്ലാത്തതിന്റെ പേരിൽ ഞങ്ങൾക്ക് Protection ലഭിച്ചിട്ടില്ല. ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ അംഗീകാരമില്ലാത്ത പലർക്കും Protection കൊടുത്ത് നിയമങ്ങൾ കാറ്റിൽപ്പറത്തി ഒരു ചെറിയ Posting പോലും അനുവദിക്കില്ലായെന്നത് ജനാധിപത്യമൂല്യങ്ങൾക്ക് വിരുദ്ധമാണ്. (Protection ആകെ 100 എന്ന് ഗൈഡ്ലൈനിൽ പറഞ്ഞിരിക്കുന്നുവെങ്കിൽ 101 ആക്കി ചരിത്രപരമായ ഗൈഡ്ലൈൻ വിരുദ്ധത നടത്തിയിരിക്കുകയാണ് ചീഫ് എഞ്ചിനീയർ (HRM) ന്റെ ഓഫീസ്.

കഴിഞ്ഞ ദിവസം പുറത്തിറങ്ങിയ സബ് എഞ്ചിനിയറുടെ ഓർഡറിൽ നിരവധി ക്രമക്കേടുകൾ നടന്നിട്ടുണ്ട്. അത് താഴെ ചൂണ്ടിക്കാണിക്കുന്നു. ഒരു സംഘടനയുടെ ഭാരവാഹി KSEB യുടെ ആസ്ഥാന മന്ദിരത്തിനടുത്തുള്ള ഏതെങ്കിലും ഓഫീസിൽ ട്രാൻസ്ഫർ ആവശ്യപ്പെട്ടത് നിരസിച്ച ചീഫ് എഞ്ചിനീയർ (HRM) നിയമവിരുദ്ധമായി ഇറക്കിയ ഉത്തരവുകൾ ആർക്കുവേണ്ടി ഇറക്കി എന്ന് വ്യക്തമല്ല.

1. സൂചന 1 ലെ Item No. 72 :- Excess Reposting അനുസരിച്ച് ടിയാനെ 66 KV S/S Fort Kochi GIS ൽ നിന്നും Electrical Section Palluruthi ലേക്ക് മാറ്റി.
   സൂചന 2 Item No. 7 പ്രകാരം Fort Kochi 66 KV Sub station നിലേക്ക് തിരിച്ചു നൽകി. ആദ്യ സ്ഥലത്ത് നിലനിർത്തി.
   Excess adjust ചെയ്യുവാനുള്ള കാരണം താങ്കളുടെ ഓഫീസിൽ നിന്നും അറിയാൻ കഴിഞ്ഞത് Promotion വന്നപ്പോൾ place open ചെയ്തു എന്നാണ്. അങ്ങനെയെങ്കിൽ എല്ലാവരുടെ കാര്യത്തിലും അത് നടപ്പാക്കണമല്ലോ

   ഈ സാഹചര്യത്തിൽ ഇതേ നിയമം ബാധകമാക്കിയാൽ ശ്രീ.നസീർ.എം ആവശ്യപ്പെട്ട GIS Power House, Trivandrum open ചെയ്യേണ്ടതല്ലേ.

2. Item No. 165 (സൂചന 1) :- Tirur 110 KV Sub station ൽ നിന്നും Tirur West സെക്ഷനിലേക്ക് നടത്തിയ Posting സൂചന 2 Item No. 16 ൽ തിരിച്ച് പഴയ സ്ഥലത്ത് നൽകിയിരിക്കുന്നു. അപ്പോൾ സബ് സ്റ്റേഷനിൽ place open ചെയ്തു.

3. Item No. 231 (സൂചന 1) shuffle ചെയ്തിരുന്നത് Item No. 24 (സൂചന 2) പ്രകാരം ആദ്യ സ്ഥലത്തേയ്ക്ക് കൊടുത്തു.

4. Item No. 250 (സൂചന 1) Excess Reposting Item No. 26 (സൂചന 2) പ്രകാരം തിരിച്ചു കൊടുത്തിരിക്കുന്നു.

5. Item No. 47 (സൂചന 2) പ്രകാരം പുത്തൻ കുരിശ് സെക്ഷനിൽ നിന്നും പനമ്പിള്ളി നഗർ 66 KV Sub Station ലേക്ക് Posting Strength "ZERO" യേ 1 ആക്കി Post ചെയ്തിരിക്കുന്നു. സെക്ഷൻ ഓഫീസുകളിൽ ഒഴിവുകൾ കിടക്കുമ്പോൾ Sub Station open ആക്കില്ലായെന്ന് ഒരു വശത്ത് പറയുകയും മറ്റൊരു വശത്ത് ഇഷ്ടക്കാർക്ക് ട്രാൻസ്ഫർ നടത്തുന്നു.

6. Item No. 550 (സൂചന 1) SCADA & RMU Vaidyuthy Bhavan, Trivandrum നിന്നും കട്ടപ്പന കഞ്ഞിക്കുഴി സെക്ഷനിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്ന വ്യക്തിയെ Item No. 71 (സൂചന 2) പ്രകാരം cancel ചെയ്തു.

7. Item No. 750 (സൂചന 1) കാഞ്ഞങ്ങാട് ഡിവിഷൻ ഓഫീസിൽ നിന്നും ഇല.സെക്ഷൻ നെല്ലിക്കുന്ന് (Kasargode Division) ലേക്ക് മാറ്റിയിരിക്കുന്നു. (സൂചന 2) പ്രകാരം Item No. 97 ആദ്യ സ്ഥലത്തേയ്ക്ക് കൊടുത്തു.

   ഒരു ഓഫീസ് സെക്ഷൻ അല്ല DB ഉൾപ്പടെ) 3 വർഷത്തിൽ കൂടുതൽ ആരെയും ഇരുത്താൻ പടില്ലാത്തതിനാലാണല്ലോ ആദ്യം ട്രാൻസ്ഫർ ചെയ്തത്. ട്രാൻസ്ഫർ മാറ്റിക്കൊടുത്താലും ഓഫീസ് കൊടുക്കാൻ പാടില്ലല്ലോ.

8. Item No. 801 (സൂചന 1) വൈദ്യുതി ഭവൻ സബ് ഡിവിഷനിൽ നിന്നും വാമനപുരം ട്രാൻസ്ഫർ cancel ചെയ്തു Item No. 103 (സൂചന 2)

ഈ സാഹചര്യത്തിലാണ് സംഘടന ചർച്ചകളിൽ പങ്കെടുക്കുന്ന ഭാരവാഹികൾക്ക് സിറ്റിയിലുള്ള ഏതെങ്കിലും ഒരു ഓഫീസിലേക്ക് ട്രാൻസ്ഫർ ചോദിച്ചത്. നിരസിച്ച അപേക്ഷ പുനഃപരിശോധിച്ച് GIS Trivandrum, GIS നിയമസഭാ കോംപ്ലക്സിലേക്കോ ട്രാൻസ്ഫർ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | വി.സുധീർ കുമാർ<br>ജനറൽ സെക്രട്ടറി |